നം.സി1 - 15972/2021

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും,
തിരുവനന്തപുരം,
തിയതി. 13/08/2021.

ചീഫ് എഞ്ചിനീയർ

എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും

വിഷയം:- ജലസേചനം-ജീവനക്കാര്യം-എസ്.എൽ. ആർ ജീവനക്കാർക്ക് 2019-ലെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത്-

സൂചന:- 22.07.2021 ലെ സർക്കാർ കത്ത് നം. എ2.104/2021/ജ.വിവ

ജലസേചന വകുപ്പിലെ എസ്.എൽ.ആർ ജീവനക്കാർക്ക് 11-ാം ശമ്പള പരിഷ്കരണം അനുവദിക്കുന്നത് പരിശോധിക്കുന്നതിലേക്കായി താഴെ പറയുന്ന രേഖകൾ 31.08.2021-നു മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(a) കഴിഞ്ഞ ശമ്പള പരിഷ്കരണത്തിനുശേഷം അൺസ്കിൽഡ്/സ്കിൽഡ് വിഭാഗം എസ്.എൽ.ആർ തൊഴിലാളികളെ നിയമിച്ചതിന്റെ ഉത്തരവുകൾ.
(b) എസ്.എൽ.ആർ ജീവനക്കാരുടെ വിവരങ്ങൾ (ഇതോടൊപ്പമുള്ള പട്ടികയിൽ പറയും വിധം)
(c) 10-ാം ശമ്പള പരിഷ്കരണത്തിന്റെ ശമ്പള ഫിക്സേഷൻ സ്റ്റേറ്റ്മെന്റുകൾ.

Excel Sheet-ൽ തയ്യാറാക്കി സർക്കിൾ തലത്തിൽ ക്രോഡീകരിച്ച പട്ടികയാണ് നൽകേണ്ടത്. ജീവനക്കാരുടെ പേരും അനുബന്ധവിവരങ്ങളും തയ്യാറാക്കുന്നതിൽ തെറ്റുകൾ വരുത്താതെ ശ്രദ്ധിക്കേണ്ടതും, എല്ലാ ജീവനക്കാരും പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. പിന്നീട് എന്തെങ്കിലും തെറ്റുകൾ കാണുന്നപക്ഷം അതാത് കാര്യാലയങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കായിരിക്കും ഉത്തരവാദിത്തം. റിപ്പോർട്ട് e-mail വഴിയും തപാൽ വഴിയും അയച്ചുതരേണ്ടതാണ്. വിവരങ്ങൾ സർക്കാരിൽ സമർപ്പിക്കേണ്ടതിനാൽ വീഴ്ച വരുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
പ്രോജക്ട്

e-mail id:-aaprojectandc@gmail.com

(മറുപുറം)

| നമ്പർ | പേര് | ജീവനക്കാരനായി ജോലിയിൽ പ്രവേശിച്ച തീയതിയും ഉത്തരവ് നമ്പരും | അടിസ്ഥാന ശമ്പളവും ശമ്പള സ്കെയിലും | ആകെ ശമ്പളം | റിമാർക്സ് |
|---|---|---|---|---|---|
| | | | | | |